# കേരള സംസ്ഥാന സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്.

---

ഇ.എ.(5) 3125/2018 തിരുവനന്തപുരം, തിയതി:15.11.2019

---

**വിഷയം:-** സഹകരണവകുപ്പ് - ജീവനക്കാര്യം - എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1) 16.10.2019 തീയതിയിലെ കോഴിക്കോട് സഹകരണ ജനറൽ ജോയിന്റ് രജിസ്ട്രാർ-ടെ ഇ 3/2019 നമ്പർ കത്ത്
2) കെ.എസ് & എസ്.എസ്.ആർ ചട്ടം 13 (ബി)

സഹകരണ വകുപ്പിൽ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നിയന്ത്രണത്തിൽ ജൂനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി അൻസി.കെ-ക്ക് അമ്പതു വയസ്സ് പൂർത്തിയായതിനാൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് പരാമർശം (1) പ്രകാരം കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ(ജനറൽ) അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ ജനന തീയതി. 28.05.1966 ആണെന്ന് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കത്തിനൊപ്പമുള്ള പ്രോഫോർമയിൽ നിന്നും വ്യക്തമാകുന്നു. 50 വയസ്സ് തികഞ്ഞ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് വകുപ്പ്തല പരീക്ഷകൾ പാസ്സാകേണ്ടതില്ല എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്.

സഹകരണ വകുപ്പിൽ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നിയന്ത്രണത്തിൽ ജൂനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി അൻസി.കെ -ക്ക് അമ്പതു വയസ്സ് പൂർത്തിയായതിനാൽ, ടിയാൾ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയ 01.04.2019 തിയതി മുതൽ 25200 - 54000/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ടിയാളുകളുടെ ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥന് കീഴിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും | ജോലിയിൽ പ്രവേശിച്ച തിയതി | സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച തിയതി | നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ശ്രീമതി അൻസി.കെ (എൽ.ഡി.ക്ലർക്ക്) | 22/03/2017 | 01.04.2019 | ജോയിന്റ് രജിസ്ട്രാർ(ജനറൽ), കോഴിക്കോട്. |

(ഒപ്പ്)
ശ്രീവത്സൻ.എൻ

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

വ്യക്തിക്ക്:- (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്: 1) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ടെ മേശപ്പുറത്ത്.
2) ജോയിന്റ് രജിസ്ട്രാർ(ജനറൽ), കോഴിക്കോട്
3) കരുതൽ ഫയൽ.

// ഉത്തരവിൻപ്രകാരം //

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)